## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2111**     07.12.2015-ൽ മറുപടിയ്ക്ക്

### വീട് നിർമ്മാണത്തിന് തടി ലഭ്യമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വീട് നിർമ്മാണത്തിന് ആവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ; ഇത്തരം വ്യവസ്ഥകൾ മൂലം ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എ) വീട് നിർമ്മാണത്തിനാവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വന്നിട്ടില്ല. നിലവിൽ സർക്കാർ ഉത്തരവ് (എം.എസ്.)36/2008/വനം തീയതി.16.06.2008 പ്രകാരം റീട്ടെയിൽ സെയിൽ വഴി വീട് നിർമ്മാണത്തിന് 5 ക്യൂബിക് മീറ്റർ തേക്ക് തടി ഡിപ്പോകൾ വഴിയും ലഭ്യത അനുസരിച്ച് നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.)42/2015/വനം തീയതി, 06.06.2015 പ്രകാരം സർക്കാർ പദ്ധതികൾ മുഖേനയുള്ള ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും, അല്ലാതെയും ഉള്ള കൈവശ ഭൂമിയിൽ വീടു പണിയ്ക്കായി അവർ നട്ടു പിടിപ്പിച്ച ആഞ്ഞിലി, പ്ലാവ്, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും ഒന്നര ക്യൂബിക് മീറ്റർ തടി ബന്ധപ്പെട്ട വനംവകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഇ-ലേലത്തിലൂടെ 8 ക്യൂബിക് മീറ്റർ തടി വരെ വ്യക്തികളുടെ സ്വന്തം ആവശ്യത്തിന് ലേലം കൊള്ളാവുന്നതാണ് വീട് നിർമ്മാണത്തിനാവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ മൂലം ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ